**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3195 23-3-2015 ലെ മറുപടിയ്ക്ക്

**എൽ എസ്ജി ഡി, ഡി ബി സെക്ഷനിലെ കാലതാമസം**

| ചോദ്യം<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ | | മറുപടി<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സെക്രട്ടേറിയേറ്റിൽ എൽ എസ് ജി ഡി, ഡി ബി സെക്ഷനിൽ ടൈപ്പിസ്റ്റ് ഇല്ലാത്തതുമൂലം സെക്ഷനുമായി ബന്ധപ്പെട്ട ഓർഡറുകൾ ഇറക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എം.എൽ.എമാരുടെ തദ്ദേശ വകുപ്പിലെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ച ഫയലുകൾ തീർപ്പാകാതെ പ്രസ്തുത സെക്ഷനിൽ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച പൊന്നാനി ബിയ്യം ആരോഗ്യ ഉപകേന്ദ്രത്തിന്റെ ഫയൽ No.75907/DB/14 e-file No.110192/15 എന്നാണ് സെക്ഷനിൽ എത്തിയത് എന്നറിയിക്കാമോ; | (സി) | No.75907/DB/14 തദ്ദേശ സ്വയംഭരണ വകുപ്പു നമ്പർ ഫയൽ 27/11/14 തീയതിയിലാണ് ഡിബി സെക്ഷനിൽ എത്തിയത്. |
| (ഡി) | പ്രസ്തുത ഫയൽ ഫിനാൻസ് അംഗീകരിച്ച് നോഡൽ സെന്ററിൽ നിന്നും 18-2-2015ന് എൽ എസ് ജി ഡി, ഡി ബി യിലേയ്ക്ക് അയച്ചിട്ട് നാളിതുവരെ അതിന്റെ ഭരണാനുമതിക്കുള്ള ഓർഡർ ഇറക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ | (ഡി) | 18-2-15ന് ധനകാര്യ വകുപ്പിൽ നിന്നു ലഭിച്ച ഫയൽ അംഗീകാരം നൽകിയല്ല ലഭ്യമാക്കിയത്. ചില വിവരങ്ങൾ ആവശ്യപ്പെട്ടാണ് ഫയൽ ലഭ്യമായത്. ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട ടി വിവരങ്ങൾ തദ്ദേശ സ്വയംഭരണ എഞ്ചിനീയറോട് ആവശ്യപ്പെട്ടത് ലഭ്യമാക്കി |

| | | | |
|---|---|---|---|
| | | | തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത സെക്ഷനിൽ നിന്നും താമസംവിനാ ഫയലുകൾ തീർപ്പാക്കുന്നതിനും ഓർഡറുകൾ ഇറക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കാമോ? | (ഇ) | നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ